"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - തിരുവനന്തപുരം നഗരസഭയിൽ സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. അനിൽകുമാർ.ആർ. ബഹു അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ സമർപ്പിച്ച ഒ.എ.1323/2023 നമ്പർ കേസിലെ 14.07.2023 തീയതിയിലെ ഉത്തരവ് - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1839/2023/LSGD തീയതി,തിരുവനന്തപുരം, 18-09-2023

പരാമർശം:-

1. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 03.07.2023 തീയതിയിലെ LSGD/PD/1224/2023-DED1 നമ്പർ ഉത്തരവ്.
2. ശ്രീ. അനിൽകുമാർ.ആർ. സർക്കാരിൽ സമർപ്പിച്ച 06.07.2023 തീയതിയിലെ അപ്പീൽ അപേക്ഷ(അനക്ഷർ എ17)
3. ശ്രീ. അനിൽകുമാർ.ആർ. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ സമർപ്പിച്ച ഒ.എ.1323/2023 നമ്പർ കേസിലെ 14.07.2023 തീയതിയിലെ ഉത്തരവ്.
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 11.09.2023 തീയതിയിലെ LSGD/PD/50562/2023-DEB5 നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശസ്വയംഭരണ പൊതുസർവീസിലെ പരാമർശം 1 സ്ഥലംമാറ്റ ഉത്തരവിനെതിരായി തിരുവനന്തപുരം നഗരസഭയിൽ സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. അനിൽകുമാർ.ആർ. സമർപ്പിച്ച പരാമർശം 2അപ്പീൽ (അനക്ഷർ എ17) പ്രകാരം, തന്നെ നെടുമങ്ങാട് നഗരസഭയിലേക്ക് സ്ഥലം മാറ്റിയ പ്രിൻസിപ്പൽ ഡയറക്ടറുടെ ഉത്തരവ് പുനപരിശോധിച്ച് തനിക്ക് നെയ്യാറ്റിൻകര നഗരസഭയിലേക്ക് സ്ഥലംമാറ്റം നൽകണമെന്നും അതിന് സാധിക്കാത്ത പക്ഷം തിരുവനന്തപുരം നഗരസഭയിൽ തന്നെ നിലനിർത്തണമെന്നും അപേക്ഷിക്കുകയുണ്ടായി. കൂടാതെ മേൽ വിഷയവുമായി ബന്ധപ്പെട്ട് ശ്രീ. അനിൽകുമാർ.ആർ. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ സമർപ്പിച്ച ഒ.എ.1323/2023 നമ്പർ കേസിലെ 14.07.2023 തീയതിയിലെ ഉത്തരവ് പ്രകാരം അപേക്ഷകൻ സമർപ്പിച്ച അനക്ഷർ എ17 അപ്പീൽ പരിഗണിച്ച് ആയതിൽ ഒരു മാസത്തിനുള്ളിൽ ഉത്തരവാകണമെന്ന് ഒന്നാം എതിർ കക്ഷിയോട് നിർദ്ദേശിച്ചിരുന്നു.

2. ശ്രീ. അനിൽകുമാർ.ആർ. സമർപ്പിച്ച അപ്പീൽ അപേക്ഷയിലെ വാദങ്ങൾ പ്രകാരം, തനിക്ക് നിലവിൽ 54 വയസ്സിലധികം പ്രായമുള്ളതും പെൻഷനാകുവാൻ ഒരു വർഷവും പത്തു

മാസവും മാത്രം ശേഷിക്കുന്നതുമാണ് എന്നും Intercaste വിവാഹിതനായതിനാലും SC സമുദായത്തിൽപെട്ട ഭാര്യ തന്റെ സംരക്ഷണയിലും കരുതലിലും ആയതിനാലും എനിക്ക് സർവീസ് ട്രാൻസ്ഫറിൽ പ്രൊട്ടക്ഷൻ കിട്ടുവാനുള്ള അർഹതയുണ്ട് എന്നും 23.03.2023 ലെ സർക്കുലർ പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ 2023 ലെ ജനറൽ ട്രാൻസ്ഫറിനുള്ള ഓൺലൈൻ അപേക്ഷ ക്ഷണിക്കുകയും ഞാൻ നെയ്യാറ്റിൻകര നഗരസഭ ഒന്നാം ഓപ്ഷനായി വച്ച് ഓൺലൈൻ അപേക്ഷ സമർപ്പിക്കുകയും ചെയ്തുവെന്നും എന്നാൽ ഡ്രാഫ്റ്റ് ക്യൂ ലിസ്റ്റിൽ തന്റെ പേര് ഉൾപ്പെടുത്തിയില്ലായെന്നും അറിയിക്കുന്നു. തന്റെ ആക്ഷേപങ്ങൾ ഒന്നും പരിഗണിക്കാതെ ബഹു.പ്രിൻസിപ്പൽ ഡയറക്ടർ അന്തിമ ട്രാൻസ്ഫർ ഉത്തരവ് പുറപ്പെടുവിക്കുകയും തന്നെ നെടുമങ്ങാടേക്ക് സ്ഥലം മാറ്റി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തതായും, തന്റെ വീട്ടിൽ നിന്നും നെടുമങ്ങാട് ഓഫീസിലേക്ക് പോയി വരുന്നതിന് ദിവസം 100 കിലോമീറ്ററോളം യാത്ര ചെയ്യേണ്ടി വരുന്നതായും, അസുഖങ്ങൾ കാരണം ഇത്രേം ദൂരം യാത്ര ചെയ്യുവാനോ വീട്ടിൽ നിന്നും മാറി താമസിക്കുവാനോ കഴിയാത്ത അവസ്ഥയാണ് എന്നും തികച്ചും യാന്ത്രികമായും, യഥാർത്ഥ വസ്തുതകൾ കണക്കിലെടുക്കാതെയും ബഹു.ട്രിബ്യൂണലിന്റെ ഉത്തരവ് അനുസരിക്കാതെയുമാണ് അന്തിമ ട്രാൻസ്ഫർ ലിസ്റ്റ് പുറപ്പെടുവിച്ചിട്ടുള്ളത് എന്നും അറിയിക്കുന്നു. ആയതിനാൽ രണ്ട് വർഷത്തിൽ താഴെ മാത്രം സർവീസ് മാത്രമുള്ള, Intercaste married ആയ ,നിരവധി അസുഖങ്ങൾ കാരണം ബുദ്ധിമുട്ട് അനുഭവിക്കുന്ന, തനിക്ക് നെയ്യാറ്റിൻകര നഗരസഭയിലേക്ക് ട്രാൻസ്ഫർ തരണമെന്നും അതിന് സാധിക്കാത്ത പക്ഷം തിരുവനന്തപുരം നഗരസഭയിൽ തന്നെ നിലനിർത്തി ഉത്തരവുണ്ടാകണമെന്നും ശ്രീ.അനിൽകുമാർ ആർ അപേക്ഷിക്കുകയുണ്ടായി.

3. പ്രിൻസിപ്പൽ ഡയറക്ടറുടെ ഇക്കാര്യത്തിലുള്ള പരാമർശം 4 റിപ്പോർട്ട് പ്രകാരം, ശ്രീ.അനിൽകുമാർ ആർ സീനിയർ പബ്ലിക് ഇൻസ്പെക്ടർ ഗ്രേഡ്-2 ആയി 18.06.2015 ൽ തിരുവനന്തപുരം കോർപ്പറേഷനിൽ സേവനത്തിൽ പ്രവേശിച്ചിട്ടുള്ളതും 7 വർഷവും 9 മാസവും 15 ദിവസവുമായി (2023 മാർച്ച് 31 പ്രാബല്യം) തിരുവനന്തപുരം കോർപ്പറേഷനിൽ ജോലി ചെയ്ത് വന്നിരുന്ന ആളുമാണ് എന്ന് അറിയിക്കുന്നു. ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിലെ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട 22.03.2023ലെ ഉത്തരവ് പ്രകാരം ഒരു ഓഫീസിൽ അതത് വർഷം മാർച്ച് 31 ന് മുമ്പ് മൂന്ന് വർഷത്തെ (3 വർഷം) സേവനം പൂർത്തിയാക്കിയ ജീവനക്കാരെ നിർബന്ധമായും സ്ഥലം മാറ്റേണ്ടതും, ഒരു ഓഫീസിൽ മൂന്ന് വർഷം പൂർത്തിയാക്കിയ ജീവനക്കാർ സ്ഥലം മാറ്റത്തിന് അപേക്ഷിക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം പൊതു സ്ഥലം മാറ്റത്തിൽ സ്ഥലം മാറ്റത്തിനായി അപേക്ഷിച്ചിട്ടുള്ളവരെ പരിഗണിച്ചതിന് ശേഷമുള്ള ഒഴിവുകളിലേക്ക് മാത്രമേ ടിയാളുകളേ പരിഗണിക്കുകയുള്ളൂ. 7 വർഷത്തിലധികമായി സേവനം തിരുവനന്തപുരം കോർപ്പറേഷനിൽ ഉണ്ടായിരുന്നിട്ടും ടിയാൻ ഓൺലൈൻ ആയിട്ടുള്ള പൊതുസ്ഥലം മാറ്റത്തിൽ അപേക്ഷിച്ചിരുന്നില്ല. കരട് പൊതുസ്ഥലം മാറ്റ പട്ടികയിൽ ശ്രീ.അനിൽകമാർ ആർ-ന് നെടുമങ്ങാട് മുൻസിപ്പാലിറ്റിയിലേക്ക് സ്ഥലം മാറ്റം അനുവദിച്ചതിനെതിരെ ടിയാൻ ബഹു. ട്രൈബ്യൂണലിനെ സമീപിക്കുകയും ഒ.എ.1066/23 തീയതി 27/06/2023 ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ അപേക്ഷ പരിശോധിക്കുകയും 25.07.2023ലെ ഉത്തരവ് പ്രകാരം തീർപ്പാക്കുകയും ചെയ്തിട്ടുള്ളതാണ് എന്ന് അറിയിക്കുന്നു. തുടർന്ന് ടിയാൻ ബഹു. ട്രൈബ്യൂണലിനെ സമീപിച്ച് ഒ.എ.1323/23 ഫയൽ ചെയ്തിട്ടുള്ളതാണ്.

4. ശ്രീ.അനിൽകമാർ ആർ സ്ഥലം മാറ്റത്തിന് അപേക്ഷ സമർപ്പിക്കുകയോ ക്യൂ ലിസ്റ്റിൽ ഉൾപ്പെടുകയോ ചെയ്തിട്ടില്ലായെന്നും മാർച്ച് 31 ന് തിരുവനന്തപുരം കോർപ്പറേഷനിൽ സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ 2 തസ്തികയിൽ മൂന്ന് വർഷത്തിലധികം സേവനം

പൂർത്തിയാക്കിയിട്ടുള്ള സാഹചര്യത്തിലാണ് ശ്രീ.അനിൽകുമാർ ആർ നിർബന്ധിത സ്ഥലം മാറ്റത്തിന് വിധേയമാക്കപ്പെട്ടുകയും നെടുമങ്ങാട് മുൻസിപ്പാലിറ്റിയിലേക്ക് സ്ഥലം മാറ്റപ്പെട്ടുകയും ചെയ്തത് എന്നും പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് ചെയ്യുന്നു. കൂടാതെ ടിയാൻ ചൂണ്ടിക്കാട്ടിയ ശങ്കർമണി.കെ എന്നയാളുടെ ഇംകുപെൻസിയിലെ രേഖപ്പെടുത്തലുകൾ കൃത്യമല്ലാതിരുന്നതിനാലാണ് ടിയാന് നെയ്യാറ്റിൻകര മുൻസിപ്പാലിറ്റിയിലേക്ക് നിയമനം ലഭ്യമായത് എന്നും, ടിയാന്റെ നെയ്യാറ്റിൻകര മുൻസിപ്പാലിയിലേക്കുള്ള നിയമനം പുനപരിശോധിക്കുന്നതാണ് എന്നും അറിയിക്കുന്നു. നെയ്യാറ്റിൻകര മുൻസിപ്പാലിറ്റിയിലേക്ക് തിരുവനന്തപുരം ജില്ലയ്ക്കകത്ത് നിന്നുള്ള ക്യൂ ലിസ്റ്റിൽ 2 പേരും, ജില്ലയ്ക്ക് പുറത്ത് നിന്ന് തിരുവനന്തപുരം ജില്ലക്കകത്തേക്കുള്ള ക്യൂ ലിസ്റ്റിൽ 3 പേരും സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ 2 തസ്തികയിൽ സ്ഥലംമാററത്തിനായി അവശേഷിക്കുന്നു. ശ്രീ. ശങ്കർമണി മാറ്റപ്പെട്ടാലും മേൽ ക്യൂ ലിസ്റ്റിലുള്ള ജീവനക്കാരെ മാത്രമേ സ്ഥലം മാറ്റ മാനദണ്ഡ പ്രകാരം നെയ്യാറ്റിൻകര മുൻസിപ്പാലിറ്റിയിലേക്ക് പരിഗണിക്കാൻ സാധിക്കയുള്ളൂ. ശ്രീ.അനിൽകുമാർ പൊതുസ്ഥലംമാറ്റത്തിന് അപേക്ഷിച്ചിട്ടില്ലാത്തതിനാൽ നെയ്യാറ്റിൻകര നഗരസഭയിലേക്ക് ഒഴിവ് ലഭ്യമാകുന്ന മുറക്ക് ക്യൂ ലിസ്റ്റ് കൂടി പരിഗണിച്ച് മാത്രമേ ശ്രീ.അനിൽകമാർ ആർ-ന്റെ അപേക്ഷ പരിഗണിക്കാൻ കഴിയുകയുള്ളു എന്ന വിവരം പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

5. സർക്കാർ ഇക്കാര്യം ശ്രീ.അനിൽകുമാർ ആർ-ന്റെ അപ്പീൽ അപേക്ഷയുടേയും പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റേയും പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട നിലവിലുള്ള സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകളുടേയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം ശ്രീ.അനിൽകുമാർ ആർ 18.06.2015 മുതൽ തിരുവനന്തപുരം കോർപ്പറേഷനിൽ സേവനത്തിൽ തുടരുന്നതിനാലും ഓൺലൈൻ പൊതുസ്ഥലം മാറ്റത്തിൽ അപേക്ഷ സമർപ്പിക്കാത്തതിനാലുമാണ് ടിയാനെ നിർബന്ധിത സ്ഥലം മാറ്റത്തിന് വിധേയമാക്കപ്പെട്ടുകയും നെടുമങ്ങാട് മുൻസിപ്പാലിറ്റിയിലേക്ക് സ്ഥലം മാറ്റം അനുവദിച്ചിരുന്നത് എന്ന് കാണുന്നു. നെയ്യാറ്റിൻകര നഗരസഭയിലേക്ക് ഒഴിവ് ലഭ്യമാകുന്ന മുറക്ക് ക്യൂ ലിസ്റ്റ് കൂടി പരിഗണിച്ച് മാത്രമേ ശ്രീ.അനിൽകമാർ ആർ-ന്റെ അപേക്ഷ പരിഗണിക്കാൻ കഴിയുകയുള്ളൂ എന്നും കാണുന്നു. ആയതിനാൽ തിരുവനന്തപുരം നഗരസഭയിൽ നിലനിർത്തുകയോ ആയതിന് സാധിക്കാത്ത പക്ഷം നെയ്യാറ്റിൻകര നഗരസഭയിലേക്ക് സ്ഥലം മാറ്റം അനുവദിച്ച് തരണമെന്നുള്ള അപേക്ഷകന്റെ ആവശ്യം നിലവിൽ പരിഗണിക്കാവുന്നതല്ല.

6. മേൽ സാഹചര്യത്തിൽ അപേക്ഷകൻ 2 വർഷത്തിനുള്ളിൽ വിരമിക്കുന്നതാണെന്ന വസ്തുത പരിഗണിച്ച് നെയ്യാറ്റിൻകര നഗരസഭയിൽ ഒഴിവ് വരുന്ന മുറക്ക്, ക്യൂ ലിസ്റ്റിന്റെ കൂടി അടിസ്ഥാനത്തിൽ ശ്രീ.അനിൽകമാർ ആർ-ന്റെ അപേക്ഷ പരിഗണിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് ടിയാന്റെ അപ്പീൽ അപേക്ഷ തീർപ്പാക്കി ഉത്തരവാകുന്നു.

7. മേൽ പ്രകാരം ബഹു അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ.1323/2023 നമ്പർ കേസിലെ 14.07.2023 തീയതിയിലെ ഉത്തരവ് നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DR MANJU K
അണ്ടർ സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരളം, തിരുവനന്തപുരം
ശ്രീ.അനിൽകമാർ ആർ, സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തിരുവനന്തപുരം നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 18-09-2023 13:05:05
സെക്ഷൻ ഓഫീസർ